തിരുവനന്തപുരം
10-03-2017

**കുടുംബശ്രീ സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിൽ ഒഴിവുകൾ:**
**വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു**

തിരുവനന്തപുരം: കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷന്റെ കീഴിൽ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിലേക്ക് കരാർ അടിസ്ഥാനത്തിലുള്ള വിവിധ ഒഴിവുകളിലേക്ക് യോഗ്യരായ വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു വർഷത്തേക്കാണ് നിയമനം. താൽപര്യവും യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള വനിതാ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. സ്നേഹിത സ്നേഹിത ജെൻഡർ ഹെൽപ് പ്രവർത്തിക്കുന്ന ജില്ലകളിൽ നിലവിലുള്ള ഒഴിവുകളിലേക്കും പുതുതായി പ്രവർത്തനം ആരംഭിക്കുന്ന ജില്ലകളിൽ മുഴുവൻ ഒഴിവുകളിലേക്കുമാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

വിശദമായ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം അപേക്ഷകൾ പി.ബി നം.436, തൈക്കാട് പി.ഒ, തിരുവനന്തപുരം 695014 എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി **31. 03. 2017.** അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും കുടുംബശ്രീ വെബ്സൈറ്റ് (www.kudumbashree.org) സന്ദർശിക്കുക. കുടുംബശ്രീ ജില്ലാ–സംസ്ഥാന മിഷൻ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ**